പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലാളികൾ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1399 | 16.03.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ അധികാരമേറ്റ ശേഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ (2011-12 ൽ) 18.86 ലക്ഷം കുടുംബങ്ങളിലെ 31.29 ലക്ഷം തൊഴിലാളികളാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരുന്നത്. 10.03.2015 ലെ കണക്ക് പ്രകാരം 30.33 ലക്ഷം കുടുംബങ്ങളിൽ നിന്നായി 47.20 ലക്ഷം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതായത് ഈ സർക്കാർ അധികാരമേറ്റതിന് ശേഷം, നാളിതുവരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ, 11.47 ലക്ഷം കുടുംബങ്ങളിലെ 15.91 ലക്ഷം പേർ പുതുതായി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണാൻ കഴിയും. |
| (ബി) | തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെലവഴിച്ച തുക വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് വിശദമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | വേതനം വൈകിയാൽ തൊഴിലാളികൾക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | വേതനം വൈകിയാൽ തൊഴിലാളികൾക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ധനവിനിയോഗം സോഷ്യൽ ഓഡിററിന് വിധേയമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ധനവിനിയോഗം ഉൾപ്പെടെയുള്ള എല്ലാഘടകങ്ങളും ആറുമാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവഴിച്ച തുക 2010-11 മുതൽ 2014-15 (10.03.2015 വരെ) വരെയുള്ള കണക്ക്, ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | ചെലവഴിച്ച തുക (ലക്ഷത്തിൽ) | | | | |
|---|---|---|---|---|---|
| | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 (10.03.2015 വരെ) |
| പാലക്കാട് | 7303.36 | 8959.74 | 11406.54 | 13207.3 | 13591.34 |
| വയനാട് | 3248.96 | 4359.83 | 5944.93 | 6405.55 | 6302.99 |
| ഇടുക്കി | 7718.04 | 10080.71 | 13123.9 | 8401.48 | 11694.27 |
| കാസർഗോഡ് | 2901.787 | 3367.73 | 4560.04 | 3924.38 | 6681.12 |
| ആലപ്പുഴ | 7287.56 | 12354.53 | 15028.5 | 16177.99 | 12042.95 |
| എറണാകുളം | 4643.94 | 8524.61 | 10292.36 | 7971.86 | 8792.09 |
| കണ്ണൂർ | 2751.173 | 4277.95 | 5733 | 5056.02 | 5645.03 |
| കൊല്ലം | 4298.027 | 7593.64 | 11464.4 | 10656.96 | 10176.16 |
| കോട്ടയം | 2927.82 | 5084.54 | 5918.45 | 4802.85 | 6325.49 |
| കോഴിക്കോട് | 4451.44 | 7137.5 | 10276.66 | 7648.84 | 12004.46 |
| മലപ്പുറം | 4905.09 | 6775.86 | 8907.45 | 7912.18 | 10726 |
| പത്തനംതിട്ട | 2510.78 | 4195.55 | 6283.23 | 4989.42 | 6348.86 |
| തിരുവനന്തപുരം | 9433.96 | 14984.42 | 22420.88 | 23826.27 | 19604.14 |
| തൃശ്ശൂർ | 70162.19 | 7111.23 | 10295.58 | 9643.12 | 10219.19 |
| **ആകെ** | **134544.127** | **104807.84** | **141655.92** | **130624.22** | **140154.09** |